## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5907   04.11.2016 – ൽ മറുപടിക്ക്**

# ഈരാറ്റുപേട്ടയിലെ പ്രധാന പാലത്തിന്റെ പണി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.സി. ജോർജ് :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കോട്ടയം ജില്ലയിൽ ഈരാറ്റുപേട്ടയിലുള്ള അരുവിത്തുറ സെന്റ് ജോർജ്ജ് കോളേജിനോട് ചേർന്നുള്ള രണ്ടു പ്രധാന റോഡുകളെ ബന്ധിപ്പിക്കുന്ന പ്രധാന പാലത്തിന്റെ പണി ഒരു വർഷമായി നിർത്തി വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പാലത്തിന്റെ പണി പകുതിയാക്കി നിർത്തിയതുമൂലം പ്രദേശത്തെ ജനങ്ങളുടെ യാത്ര ദുരിതത്തിലായത് പരിഗണിച്ച് എത്രയുംവേഗം ഭരണാനുമതിയുടെയും ഭൂമി ഏറ്റെടുക്കലിന്റെയും നടപടികൾ പൂർത്തിയാക്കി പണി പൂർത്തീകരിക്കുമോ; | (ബി) ഭൂമി ഏറ്റെടുക്കുന്നതിന്റെ നടപടികൾക്കായി പുതിയ നിയമപ്രകാരം മുൻകൂർ അടയ്ക്കേണ്ട തുക ലഭ്യമാക്കുന്നതിനും സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തി ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. ഇത് ലഭ്യമാകുന്ന മുറയ്ക്ക് പണി പൂർത്തീകരിക്കാൻ കഴിയുകയും. |

| | | | |
|---|---|---|---|
| (സി) | CE/(R&B)/KTM/6830/16 dated 18.10.16 പ്രകാരം ചീഫ് എഞ്ചിനീയർ പി. ഡബ്ല്യൂ. ഡി. പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് കത്ത് നൽകിയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ; ഈ കത്തിന്റെ കോപ്പി ലഭ്യമാക്കുമോ ; | (സി) | പ്രസ്തുത കത്തിലെ ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. കത്തിന്റെ കോപ്പി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | പ്രസ്തുത പണി പൂർത്തീകരിക്കുന്നതിന് എത്ര തുക കൂടി ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര; വിശദമാക്കുമോ ? | (ഡി) | പാലത്തിന്റെ നിർമ്മാണത്തിനു ഇനിയും 2,01,76,650/- രൂപ കൂടി ആവശ്യമുണ്ട്. പൊന്നും വില നടപടികൾ പൂർത്തിയായാൽ മാത്രമേ അതിന്റെ പൂർണ്ണമായിട്ടുള്ള ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

അടിയന്തരം

187

E - 939256

20/10

നം. സി.ഇ/ആർ&ബി/കെ.റ്റി.എം./6830/2016

ചീഫ് എഞ്ചിനീയരുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്
നിരത്തുകളും പാലങ്ങളും വിഭാഗം,
തിരുവനന്തപുരം,
തീയതി: 18/10/2016

പ്രേഷിതൻ

ചീഫ് എഞ്ചിനീയർ.

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി
പൊതുമരാമത്ത് വകുപ്പ്
സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം: അരുവിത്തുറ പാലം നിർമ്മാണം - സ്ഥലമേറ്റെടുക്കൽ - സംബന്ധിച്ച്.

സൂചന: 1. GO(Rt)No.209/14/PWD dt.11.02.2015
2. കരാർ നമ്പർ 68/ SESC/1415 തീയതി 15.11.2014.
3. GO(Rt)No.2271/15/RD dated, 30.04.2015 നമ്പർ എ.ബി6(1)882/14 തീയതി 23.06.2016 ലെ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത്.

മേൽ സൂചന 1 പ്രകാരമുള്ള പ്രവർത്തിക്ക് 384 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാകുന്നു. ഇത് കരാർ നൽകി 85% തീർത്തിട്ടുള്ളതുമാണ്. പാലം പണിയുടെ പ്രാഥമിക ഘട്ടത്തിൽ എല്ലാ ആളുകളും സ്ഥലം സൗജന്യമായി വിട്ടു നൽകിയിരുന്നതാണ്. എന്നാൽ 0.9 ആർ സ്ഥലം കൂടി ഏറ്റെടുക്കേണ്ടതായി വന്നിട്ടുണ്ട്. ഇതിലേക്കായി 12,51,947 രൂപയുടെ പ്രൊപ്പോസൽ സ്പെഷ്യൽ തഹസിൽദാർ, എൽ.എ.ജനറൽ, പാലാ നൽകിയിട്ടുണ്ട്. ടി തുകയ്ക്കായി സൂചന 3 പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് നെഗോഷ്യേറ്റഡ് പർച്ചേസിന് ബഹു. ജില്ലാ കളക്ടർക്ക് കത്ത് നൽകിയെങ്കിലും തുക അനുവദിച്ചിട്ടില്ല.

ടി സ്ഥലം കൂടി ഏറ്റെടുത്തെങ്കിൽ മാത്രമേ പാലം പണി പൂർത്തിയാകുകയുള്ളൂ. ആയതിനാൽ 12,51,947 രൂപായുടെ ഭരണാനുമതി (നമ്പർ ജി.ഒ(ആർ.റ്റി) നം.209/14/പൊ.മ.വ തീയതി 11/02/2014, Rs.384L, Head of Account 5054-04-337-99/11-1-283-121) നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർ

ഉള്ളടക്കം 1. സൂചന 1 പകർപ്പ്
2. പൊന്നുംവില മഹസർ
3. GO(Rt)No.150/16/RD dated, 13.01.16 പകർപ്പ്
4. ഫോറം 93

എഫ് സി 3